SET C

# ആത്യന്തിക വിലയിരുത്തൽ - III 2025-26

## മാതൃകചോദ്യപേപ്പർ

## മലയാളം - അടിസ്ഥാനപാഠാവലി

ക്ലാസ് : X

സമയം: 1½ മണിക്കൂർ

സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **A അല്ലെങ്കിൽ B** എന്നതരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

© State Assessment Cell - SCERT Kerala

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

**(4 x 1= 4)**

**1.** "നീയുദാരതയുടെ പര്യായം..."

(വിഷുക്കണി)

കവി ഇങ്ങനെ വിശേഷിപ്പിക്കുന്നതാരെ?

**A.** ഐശ്വര്യദേവതയെ
**B.** അമ്മയെ
**C.** കൊന്നപ്പൂവിനെ
**D.** ചങ്ങാതിമാരെ

**2.** "പൊന്നും ചുമന്ന് പൊൻകുഴിപ്പുഴ
കാട്ടിലേക്കോടിക്കളഞ്ഞു."

(കെത്തളു - ഏട്ടക്കൂരി)

പുഴ കാട്ടിലേക്കോടി രക്ഷപ്പെടുന്നതിന്റെ കാരണം എന്തായിരിക്കാം?

**A.** വനനശീകരണം
**B.** കുടിവെള്ള പദ്ധതികൾ
**C.** മണൽവാരൽ പ്രവർത്തനങ്ങൾ
**D.** പ്രളയം ഭയന്ന്

**3.** ചുവടെ കൊടുത്തവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

| | | |
|---|---|---|
| i) ചിലയനുഭവങ്ങൾ | - | ചില, അനുഭവങ്ങൾ |
| ii) നോട്ടമെറിഞ്ഞ് | - | നോട്ട, മെറിഞ്ഞ് |
| iii) പോറിയിടുക | - | പോറി, ഇടുക |
| iv) നിശ്ശബ്ദതയിൽ | - | നിശ്ശബ്ദത, യിൽ |

**A.** i ഉം iii ഉം ശരി
**B.** ii ഉം iv ഉം ശരി
**C.** iii മാത്രം ശരി
**D.** i മാത്രം ശരി

4. "ബുദ്ധിമാന്മാരേ, സ്വഭാഷത്തറവാട്ടിൽ -
സ്വത്തു വളർത്തുവാൻ <u>യത്നം</u> ചെയ്വിൻ" (എന്റെ ഭാഷ)

അടിവരയിട്ട പദത്തിന്റെ സന്ദർഭത്തിലെ അർഥം എന്ത്?

**A.** യാഗം
**B.** അധ്വാനം
**C.** കരുണ
**D.** ത്യാഗം

**താഴെക്കൊടുത്ത ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)**
**(1 x 2 = 2)**

5. (A) "എങ്ങാനുമുണ്ടോ വെട്ടം?
ചുറ്റുമീയുൾനാട്ടിലെൻ-
ചങ്ങാതിമാർതൻ ഗേഹ-
മിപ്പൊഴുമിരുട്ടിൽത്താൻ." (വിഷുക്കണി)

വരികളിലെ **ഇരുട്ട്** എന്ന പദം നൽകുന്ന വ്യത്യസ്ത അർഥസൂചനകൾ എഴുതുക.

**അല്ലെങ്കിൽ**

(B) പക്ഷിശാസ്ത്രക്കാരൻ : അയ്യോ! വേണ്ട. എന്റെ പൊന്നുകുടങ്ങളേ, കൊത്തണ്ട...
ആ രക്തം കൊണ്ട് കുഴയ്ക്കണ്ട.

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

ഈ വാക്കുകളിലെ ജീവിതദർശനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

**6 മുതൽ 9 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)**
**(4 x 5 = 20)**

6. • "പാറപോലെ ഉറച്ചുകിടന്ന, ഇഴുകിപ്പിടിച്ച, ആചാരങ്ങളാകുന്ന വൻഭിത്തികൾ കൊണ്ടു രക്ഷിച്ചുപോന്ന യാഥാസ്ഥിതികത്വത്തെ പുറമെനിന്നാക്രമിച്ചു മാറ്റുക സാധ്യമായിരുന്നില്ല. അതിനുള്ളിൽനിന്നുള്ള ഒരു പൊട്ടിത്തെറിയാണ് ആ കോട്ടയെ ഭേദിച്ചത്. അതിനു നേതൃത്വം വഹിച്ചത് വി.ടി. യാണ്. അതിനുപയോഗിച്ച ബോംബാണ് 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്."

(ചരിത്രം രചിച്ച നാടകം)

അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഈ നിരീക്ഷണത്തിൽ തെളിയുന്നത്? 'ചരിത്രം രചിച്ച നാടകം' എന്ന പാഠഭാഗത്തിലെ ആശയം കൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

7. 'ഖൽബിലെ നിലാവ് ' എന്ന ശീർഷകം പാഠഭാഗത്തിന് എത്രത്തോളം അനുയോജ്യമാണ്? സ്വാഭിപ്രായം കുറിക്കുക.

8. "ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ."

(എന്റെ ഭാഷ)

© State Assessment Cell - SCERT Kerala

ഈ വരികളിലെ ആശയഭംഗി വിവരിച്ച് കുറിപ്പ് തയ്യാറാക്കുക.

**9.** **(A)** ഉടമ : വീണ്ടും ധ്യാനത്തിൽ. ധ്യാനത്തിൽത്തന്നെ ഈ കൂരമ്പേൽക്കട്ടെ. (പക്ഷിശാസ്ത്രക്കാരന്റെ നേർക്ക് അമ്പയയ്ക്കുന്നു. പല അമ്പുകൾ ആവനാഴിയിൽ നിന്നെടുത്ത് എയ്തതിനുശേഷം) അങ്ങനെ പിടഞ്ഞുപിടഞ്ഞു മരിക്കട്ടെ, എന്റെ ഗുരു പോലും.

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

ലോകജീവിതത്തെ നരകതുല്യമാക്കുന്നത് പാടത്തിൻ ഉടമയെപ്പോലുള്ളവരുടെ മനോഭാവമല്ലേ? വിമർശനാത്മകമായി വിലയിരുത്തുക.

**അല്ലെങ്കിൽ**

**(B)** "ഏഴു മലകൾ ചാടിയിട്ടും
ഏഴു പുഴകൾ കടന്നിട്ടും
ഏട്ടക്കൂരി തിരിച്ചിറങ്ങി.
ഊത്തക്കാലത്തും രക്ഷയില്ല."

(കെത്തളു - ഏട്ടക്കൂരി)

അടിച്ചമർത്തപ്പെട്ട ഒരു ജനസമൂഹത്തിന്റെ യാതനാനിർഭരമായ ജീവിതമാണോ 'ഏട്ടക്കൂരി' എന്ന കവിതയിൽ തെളിയുന്നത്? മുകളിൽ നൽകിയ വരികളും കവിതയും വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**10, 11 ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ വീതം)**
**(2 x 7 = 14)**

**10.** ● "അട്പ്പത്തെ പണി ഒരു കടലാ ഫിസേ... അതങ്ങട്ട് തീർന്നൂന്ന് പറയാമ്പറ്റ്യങ്ങനെ? അന്റെ പെയിന്റടി പോല ല്ലാത്.... എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണ്യല്ല..."

● "കൂട്ടത്തിൽക്കൂടാൻ എന്താടാ ഓൾക്കൊരിത്..., ഒരിക്കൽ ഉമ്മ ചോദിച്ചു...
"മറ്റ്ള്ളോരെക്കൊണ്ട് പറേപ്പിക്കാൻ ആളു കൂടുമ്പോ ഓൾടെ വരേം കുറീം.... "

(ചിത്രകാരി)

നൽകിയ സന്ദർഭങ്ങളും കഥയും വിശകലനം ചെയ്ത് 'ഉമ്മ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**11.** **(A)**

**"നിന്റെ മുഖത്ത് എന്താണൊരു വല്ലായ്മ ! ഒന്നും ഒളിച്ചു വയ്ക്കാതെ എന്നോടു പറയൂ. കൊച്ചുമനസ്സുകൾ ഒരിക്കലും വേദനിച്ചുകൂടാ."**
**(ആനന്ദാശ്രുക്കൾ)**




നോവൽ സന്ദർഭവും കാർട്ടൂണും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? മുകളിൽ നൽകിയ രചനകൾ വിശകലനം ചെയ്ത് **സുരക്ഷിതബാല്യം കുട്ടികളുടെ അവകാശം** എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

© State Assessment Cell - SCERT Kerala

**(B)**

- ''ഉന്നതബിരുദങ്ങൾ നേടി എന്നതുകൊണ്ട് ഒരാൾക്ക് ആ വിഷയത്തിൽ അവഗാഹമുണ്ടായി എന്നർഥമില്ല. അവഗാഹം രൂപപ്പെടാൻ നല്ലത് സ്വന്തം ഭാഷയിൽ കാര്യങ്ങൾ മനസ്സിലാക്കലാണ്.''

  (വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും)

- മാതൃഭാഷയിൽ വിജ്ഞാനം പ്രചരിപ്പിക്കാത്തിടത്തോളം കാലം വിജ്ഞാനസമൂഹം എന്ന ആശയം അപൂർണ്ണമായിരിക്കുമെന്ന് തീർച്ചയാണ്.

വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും എന്ന പാഠഭാഗത്തെ ആശയങ്ങളും പ്രസ്താവനയും വിശകലനം ചെയ്ത് **വൈജ്ഞാനികസമൂഹവും മാതൃഭാഷയും** എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

© State Assessment Cell - SCERT Kerala